ചങ്ങാതിക്കൂട്ടം ചാരിറ്റബിൾ ട്രസ്റ്റ്
THOOMBAYIL HOUSE,KOTTAPPURAM, VALIYAKUNNU (PO)
VALANCHERY,MALAPPURAM (DT)KERALA - 676552
Email: chsschangathikkoottam@gmail.com Regn. No.: 79/IV/2019

08/01/2025

മുൻകൂട്ടി നിശ്ചയിച്ചിരുന്ന ചങ്ങാതികൂട്ടം ചാരിറ്റബിൾ ട്രസ്റ്റിന്റെ ഓൺലൈൻ യോഗം 08.01.2025 ന് വൈകിട്ട് 8.00 മണിക്ക് ചേർന്നു.

യോഗത്തിൽ താഴെ പറയുന്ന അംഗങ്ങൾ പങ്കെടുത്തു.

1. പ്രദീപ്കുമാർ
2. സുരേഷ് കുമാർ
3. ശശിധരൻ
4. സോമൻ
5. ശിവാനന്ദകുമാർ. എസ്
6. U.V. രാധാകൃഷ്ണൻ
7. ബാലകൃഷ്ണൻ
8. ലത. കെ എസ്
9. രേഖ. പി ബി
10. രാമചന്ദ്രൻ

അജണ്ട :

അദ്വൈത് കൃഷ്ണയുടെ ചികിത്സാ സഹായത്തെ കുറിച്ചുള്ള ചർച്ച.
മറ്റ് ബന്ധപ്പെട്ട വിഷയങ്ങൾ.

യോഗത്തിന്റെ മിനുട്സ് ഇപ്രകാരം രേഖപ്പെടുത്തി:

ചങ്ങാതിക്കൂട്ടം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് അദ്വൈത് കൃഷ്ണയുടെ ചികിത്സാ സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ ലഭിച്ചിരുന്നു. നമ്മുടെ കൂട്ടുകാർ ഗംഗ, ശശി, രേഖ, ദേവിദാസ് എന്നിവർ അദ്വൈത് കൃഷ്ണയുടെ വീട് സന്ദർശിച്ച് അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയിരുന്നു. ഓട്ടിസം ബാധിച്ച അദ്വൈതിന്റെ മാതാപിതാക്കൾ ഈ കഴിഞ്ഞ കോവിഡ് കാലത്ത് അസുഖം ബാധിച്ച് മരണപ്പെട്ടു. അതിനുശേഷം അച്ഛന്റെ സഹോദരിയാണ് അദ്വൈതിന്റെ കാര്യങ്ങൾ നോക്കുന്നത്. അവരും കാൻസർ ബാധിച്ച് ചികിത്സയിലാണ്.
അദ്വൈതിന് ഏകദേശം 5,500 രൂപയോളം പ്രതിമാസം മരുന്നിന് മാത്രം ചിലവ് വരുന്നുണ്ട്. ലയൺസ് ക്ലബിന്റെ ഒരു ചെറിയ സഹായം എല്ലാമാസവും കിട്ടുന്നുണ്ട്. ബാക്കി ബന്ധുക്കളും അയൽ പക്കവും ഒക്കെ സഹായിച്ചാണ് ചികിത്സ മുന്നോട്ട് പോവുന്നത്. അദ്വൈത് തീർച്ചയായും ചികിത്സാ സഹായത്തിന് അർഹനാണെന്ന് യോഗം വിലയിരുത്തി. KTN Medicals cherpulassery യിൽ നിന്നാണ് മരുന്ന് വാങ്ങുന്നത്. ഇപ്പോഴത്തെ ട്രസ്റ്റിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അടുത്ത ആറുമാസത്തേക്കെങ്കിലും പ്രതിമാസം 2000 രൂപ മരുന്ന് വാങ്ങുന്നതിലേക്കായി നൽകാം എന്ന് യോഗം നിർദ്ദേശിച്ചു. പണംനേരിട്ട് KTN ന് നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടുന്ന ആശയ വിനിമയം KTN നും അദ്വൈതിന്റെ ഫാമിലിയുമായി നടത്തുന്നതായിരിക്കും.

ശ്രീ പി സി വാസുവിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കുക എന്ന ലക്ഷ്യം കൂടി മുൻ നിർത്തി ചളവറയിൽ നടക്കാനിരിക്കുന സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റിനെക്കുറിച്ച് നമ്മുടെ ഗ്രൂപ്പിൽ വന്ന അന്വേഷണങ്ങളെക്കുറിച്ച് യോഗം ചർച്ച നടത്തി. വാസുവിന്റെ കുടുംബത്തിനെ സഹായിക്കണമെന്ന കാര്യത്തിൽ നമുക്കെല്ലാം ഒരേ അഭിപ്രായമാണുള്ളത്. പക്ഷെ, ടൂർണ്ണമെന്റിന്റെ നടത്തിപ്പിനുവേണ്ടി ഗ്രൂപ്പിൽ ഒരു ഫണ്ടുശേഖരണം നടത്തേണ്ടതില്ല എന്ന് വിലയിരുത്തി. ചങ്ങാതിക്കൂട്ടം ഗ്രൂപ്പിന്റെ നടക്കാനിരിക്കുന്ന ഗെറ്റ് ടുഗതറിൽ സമാഹരിക്കുന്ന ഒരു തുക വാസുവിന്റെ കുടുംബത്തിന് നേരിട്ട് കൈമാറാമെന്നും യോഗം അഭിപ്രായപ്പെട്ടു.

അതുപോലെ ചങ്ങാതിക്കൂട്ടം കൂട്ടുകാർക്കിടയിൽ പല മേഖലകളിലായി കഴിവു തെളിയിച്ച സുഭാഷ്, ബാലകൃഷ്ണൻ , ശ്രീദേവി എന്നിവർ പ്രത്യേക അനുമോദനം അർഹിക്കുന്നതായി യോഗം വിയയിരുത്തി. നമ്മുടെ അടുത്ത ഗെറ്റ് ടുഗതറിൽ പ്രത്യേക ചടങ്ങിൽ നമ്മുടെ ഗ്രൂപ്പിന്റെ അനുമോദനം അറിയിക്കാനും തീരുമാനിച്ചിട്ടുണ്ട്.

അഞ്ച് വർഷത്തിലധികമായി നമ്മുടെ ഗ്രൂപ്പ് ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്ത് വരുന്നു. സുതാര്യവും നിഷ്കാമവുമായ നമ്മുടെ പ്രവർത്തനങ്ങളിൽ സമൂഹം വലിയ വിശ്വാസമാണ് അർപ്പിച്ചിട്ടുള്ളത്. അതിന്റെ തെളിവാണ് നമുക്ക് കിട്ടികൊണ്ടിരിക്കുന്ന അഭ്യർത്ഥനകൾ. നമ്മുടെ ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് പലതും നമുക്ക് സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ചെറുതെങ്കിലും സ്ഥിരമായ ഒരു ശേഖരം നമ്മുടെ പ്രവർത്തങ്ങൾക്ക് അത്യാവശ്യമാണ്. നമ്മുടെ കൂട്ടുകാർ ഒരു ഫിക്സഡ് എമൗണ്ട് (അത് എത്ര വലുതോ ചെറുതൊ ആകട്ടെ) പ്രതിമാസം  ട്രസ്റ്റ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചാൽ നമ്മുടെ ചാരിറ്റിക്ക് കൃത്യമായ പദ്ധതികളിലൂടെ കാര്യങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടു പോകാൻ കഴിയും. അതുകൊണ്ട് കൂട്ടുകാരിൽ സാധിക്കുന്നവർ ഒരു തുക പ്രതിമാസം ചാരിറ്റി ഫണ്ടിലേക്ക് നിക്ഷേപിക്കണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ ബാങ്കിൽ അതിനുവേണ്ട സ്റ്റാന്റിംഗ് ഓർഡർ നിർദ്ദേശം നൽകി എമൗണ്ട് ട്രസ്റ്റ് സെക്രട്ടറി ശ്രീ രാമചന്ദ്രനെ അറിയിക്കുമല്ലൊ.

S/d
Trust Board.